# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം - 695033**

നമ്പർ: ബി1-111 -2022- സം.തി.ക. തീയതി: 23.06.2022

പ്രേഷിതൻ

സെക്രട്ടറി

സ്വീകർത്താവ്

**ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ & ജില്ലാ കളക്ടർ, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ്.**

ജില്ലാ കളക്ടർ, മലപ്പുറം &
വരണാധികാരി, ഡി.10 മലപ്പുറം ജില്ലാ പഞ്ചായത്ത് (മലപ്പുറം ജില്ല)

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ, ചവറ &
വരണാധികാരി, ജി.49 ചവറ ഗ്രാമപഞ്ചായത്ത് (കൊല്ലം ജില്ല)

അസിസ്റ്റന്റ് ഡയറക്ടർ, റീസർവ്വെ ഓഫീസ്, കൊല്ലം &
വരണാധികാരി, ജി.54 ഇളമ്പല്ലൂർ ഗ്രാമപഞ്ചായത്ത് (കൊല്ലം ജില്ല)

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ, മാവേലിക്കര &
വരണാധികാരി, ജി.62 പാലമേൽ ഗ്രാമപഞ്ചായത്ത് (ആലപ്പുഴ ജില്ല)

അസിസ്റ്റന്റ് ഡയറക്ടർ ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, കോട്ടയം &
വരണാധികാരി, ജി.22 കാണക്കാരി ഗ്രാമപഞ്ചായത്ത് (കോട്ടയം ജില്ല)

താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, ഉടുമ്പൻചോല, നെടുംകണ്ടം &
വരണാധികാരി, ജി.37 വണ്ടൻമേട് ഗ്രാമപഞ്ചായത്ത് (ഇടുക്കി ജില്ല)

സ്പെഷ്യൽ തഹസിദാർ എൽ.എ, രാജകുമാരി &
വരണാധികാരി, ജി.21 രാജകുമാരി ഗ്രാമപഞ്ചായത്ത് (ഇടുക്കി ജില്ല)

ഡിസ്ട്രിക്റ്റ് എഡ്യൂക്കേഷണൽ ഓഫീസർ, ആലുവ &
വരണാധികാരി, എം.25 ആലുവ മുനിസിപ്പൽ കൗൺസിൽ (എറണാകുളം ജില്ല)

താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, വടക്കാഞ്ചേരി &
വരണാധികാരി, ജി.23 കൊണ്ടാഴി ഗ്രാമപഞ്ചായത്ത് (തൃശ്ശൂർ ജില്ല)

എക്സിക്യൂട്ടീവ് എഞ്ചിനീയർ, മേജർ ഇറിഗേഷൻ ഡിവിഷൻ, പാലക്കാട് &
വരണാധികാരി, ബി.92 തൃത്താല ബ്ലോക്ക് പഞ്ചായത്ത് (പാലക്കാട് ജില്ല)

ഡിസ്ട്രിക്ട് ഡെവലപ്പ്മെന്റ് ഓഫീസർ ഫോർ എസ്.സി, മലപ്പുറം &
വരണാധികാരി, എം.45 മലപ്പുറം മുനിസിപ്പൽ കൗൺസിൽ (മലപ്പുറം ജില്ല)
ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, മലപ്പുറം &
വരണാധികാരി, എം.46 മഞ്ചേരി മുനിസിപ്പൽ കൗൺസിൽ (മലപ്പുറം ജില്ല)
ഡിസ്ട്രിക്ട് എംപ്ലോയ്മെന്റ് ഓഫീസർ, മലപ്പുറം &
വരണാധികാരി, ബി.116 തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് (മലപ്പുറം ജില്ല)
സബ് രജിസ്ട്രാർ, കുറ്റിപ്പുറം &
വരണാധികാരി, ജി.61 കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് (മലപ്പുറം ജില്ല)
തഹസിൽദാർ (എൽ.എ ജനറൽ), കൊയിലാണ്ടി &
വരണാധികാരി, ജി.25 തിക്കോടി ഗ്രാമപഞ്ചായത്ത് (കോഴിക്കോട് ജില്ല)
പ്രോജക്ട് ഡയറക്ടർ, പോവർട്ടി അലിവേഷൻ യൂണിറ്റ്, കാസർഗോഡ് &
വരണാധികാരി, എം.58 കാഞ്ഞങ്ങാട് മുനിസിപ്പൽ കൗൺസിൽ (കാസർഗോഡ് ജില്ല)
അസിസ്റ്റന്റ് എഞ്ചിനീയർ, എം.ഐ സെക്ഷൻ, ബോവികാനം &
വരണാധികാരി, ജി.16 ബദിയടുക്ക ഗ്രാമപഞ്ചായത്ത് (കാസർഗോഡ് ജില്ല)
അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ജനറൽ) ഹോസ്ദുർഗ്ഗ് &
വരണാധികാരി, ജി.22 പള്ളിക്കര ഗ്രാമപഞ്ചായത്ത് (കാസർഗോഡ് ജില്ല)
അഗ്രിക്കൾച്ചറൽ ഓഫീസർ, അഗ്രിക്കൾച്ചർ ഓഫീസ്, മൊഗ്രാൽ പുത്തൂർ &
വരണാധികാരി, ജി.15 കുമ്പള ഗ്രാമപഞ്ചായത്ത് (കാസർഗോഡ് ജില്ല)
അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ്, എസ്.ടി.എൽ, സോയിൽ ടെസ്റ്റിംഗ് ലാബ്,
കാസർഗോഡ് & വരണാധികാരി, ജി.27 കള്ളാർ ഗ്രാമപഞ്ചായത്ത്
(കാസർഗോഡ് ജില്ല)

സർ,

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - സംസ്ഥാനത്തെ വിവിധ ജില്ലകളിലെ പഞ്ചായത്ത്,മുനിസിപ്പാലിറ്റി വാർഡുകളിൽ **2022 ജൂലൈ 21 (വ്യാഴം)**-ന് ഉപതിരഞ്ഞെടുപ്പ് നടത്തുന്നത് - കാര്യപരിപാടി അറിയിക്കുന്നത് - സംബന്ധിച്ച്.

സംസ്ഥാനത്തെ വിവിധ ജില്ലകളിലെ താഴെ പട്ടികയിൽ കൊടുത്തിട്ടുള്ള പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിലും, മുനിസിപ്പാലിറ്റി വാർഡുകളിലും **2022 ജൂലൈ 21 (വ്യാഴം)**-ന് ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഉപതിരഞ്ഞെടുപ്പിന്റെ കാര്യപരിപാടി അനുബന്ധമായി കൊടുത്തിരിക്കുന്നു. പ്രസ്തുത കാര്യപരിപാടി അനുസരിച്ച് ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ നിർദ്ദേശിക്കുന്നു.

| ക്രമ നമ്പർ | ജില്ല | തദ്ദേശ സ്ഥാപനത്തിന്റ നമ്പരും പേരും | നിയോജക മണ്ഡലത്തിന്റെ/ വാർഡിന്റെ നമ്പരും പേരും | സംവരണം |
|---|---|---|---|---|
| 1. | കൊല്ലം | ജി.49 ചവറ ഗ്രാമപഞ്ചായത്ത് | 19.കൊറ്റംകുളങ്ങര | ജനറൽ |
| 2. | കൊല്ലം | ജി.54 ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് | 15.ആല്യംമൂട് | പട്ടികജാതി |
| 3. | ആലപ്പുഴ | ജി.62 പാലമേൽ ഗ്രാമപഞ്ചായത്ത് | 18.എരുമക്കുഴി | ജനറൽ |
| 4. | കോട്ടയം | ജി.22 കാണക്കാരി ഗ്രാമപഞ്ചായത്ത് | 13.കുറുമുള്ളൂർ | സ്ത്രീ |
| 5. | ഇടുക്കി | ജി.37 വണ്ടൻമേട് ഗ്രാമപഞ്ചായത്ത് | 11.അച്ചൻകാനം | സ്ത്രീ |
| 6. | ഇടുക്കി | ജി.21 രാജകുമാരി ഗ്രാമപഞ്ചായത്ത് | 02.കുംഭപ്പാറ | സ്ത്രീ |
| 7. | എറണാകുളം | എം.25 ആലുവ മുനിസിപ്പൽ കൗൺസിൽ | 22.പുളിഞ്ചോട് | സ്ത്രീ |
| 8. | തൃശ്ശൂർ | ജി.23 കൊണ്ടാഴി ഗ്രാമപഞ്ചായത്ത് | 03.മൂത്തേടത്ത്പടി | പട്ടികജാതി സ്ത്രീ |
| 9. | പാലക്കാട് | ബി.92 തൃത്താല ബ്ലോക്ക് പഞ്ചായത്ത് | 01.കുമ്പിടി | പട്ടികജാതി സ്ത്രീ |
| 10. | മലപ്പുറം | എം.45 മലപ്പുറം മുനിസിപ്പൽ കൗൺസിൽ | 11.മൂന്നാം പടി | ജനറൽ |
| 11. | മലപ്പുറം | എം.46 മഞ്ചേരി മുനിസിപ്പൽ കൗൺസിൽ | 16.കിഴക്കേതല | ജനറൽ |
| 12. | മലപ്പുറം | ഡി.10 മലപ്പുറം ജില്ലാ പഞ്ചായത്ത് | 11.ആതവനാട് | ജനറൽ |
| 13. | മലപ്പുറം | ബി.116 തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് | 09.പാറക്കടവ് | പട്ടികജാതി |
| 14. | മലപ്പുറം | ജി.61 കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് | 12.എടച്ചലം | സ്ത്രീ |
| 15. | കോഴിക്കോട് | ജി.25 തിക്കോടി ഗ്രാമപഞ്ചായത്ത് | 05.പള്ളിക്കര സൗത്ത് | സ്ത്രീ |
| 16. | കാസർഗോഡ് | എം.58 കാഞ്ഞങ്ങാട് മുനിസിപ്പൽ കൗൺസിൽ | 11.തോയമ്മൽ | സ്ത്രീ |
| 17. | കാസർഗോഡ് | ജി.16 ബദിയഡുക്ക ഗ്രാമപഞ്ചായത്ത് | 14.പട്ടാജെ | ജനറൽ |

| | | | | |
|---|---|---|---|---|
| 18. | കാസർഗോഡ് | ജി.22 പള്ളിക്കര ഗ്രാപഞ്ചായത്ത് | 19.പള്ളിപ്പുഴ | സ്ത്രീ |
| 19. | കാസർഗോഡ് | ജി.15 കുമ്പള ഗ്രാപഞ്ചായത്ത് | 14.പെർവാഡ് | ജനറൽ |
| 20. | കാസർഗോഡ് | ജി.27 കള്ളാർ ഗ്രാമപഞ്ചായത്ത് | 02.ആടകം | ജനറൽ |

2. 2022 ജൂലൈ 21 (വ്യാഴം) ന് നടത്തുന്ന ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടം **ഇന്ന് (23.06.2022)** മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.
3. മേൽപ്പറഞ്ഞ നിയോജകമണ്ഡലങ്ങളിൽ/വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള പുതുക്കിയ സമ്മതിദായക പട്ടിക ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ നിശ്ചിത സമയപരിധിക്കുള്ളിൽ അന്തിമമായി പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വിവരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ ഉടൻ അറിയിക്കേണ്ടതാണ്.
4. തിരഞ്ഞെടുപ്പ് സംബന്ധിച്ച് ഫാറം 1 ലുള്ള നോട്ടീസ് **25.06.2022 (ശനി)** -ന് ബന്ധപ്പെട്ട വരണാധികാരികൾ ചട്ടപ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വിവരം അന്നുതന്നെ ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കേണ്ടതാണ്.
5. ഉപതിരഞ്ഞെടുപ്പിന്റെ കാര്യപരിപാടിക്ക് പ്രാദേശികമായ പ്രചാരണം ലഭിക്കുന്നതിനും ഉപതിരഞ്ഞെടുപ്പിന്റെ സുഗമവും നീതിപൂർവ്വകവുമായ നടത്തിപ്പിനും ആവശ്യമായ എല്ലാ നടപടികളും ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്. **21.07.2022 (വ്യാഴം)** -ന് ഉപതിരഞ്ഞെടുപ്പ് നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും നിയോജക മണ്ഡലങ്ങളിൽ/ വാർഡുകളിൽ തിരഞ്ഞെടുപ്പ് നടപടികൾക്കെതിരെ ഏതെങ്കിലും കോടതി വിധിയോ വിലക്കോ ഇല്ലെന്ന് ഉറപ്പുവരുത്താൻ ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എന്തെങ്കിലും തടസ്സം നിലവിലുണ്ടെങ്കിൽ ആ വിവരം എത്രയും വേഗം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കേണ്ടതാണ്. കൂടാതെ, ഈ അറിയിപ്പ് കിട്ടിയാലുടൻ ബന്ധപ്പെട്ട വരണാധികാരി, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ, അസിസ്റ്റന്റ് വരണാധികാരി, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എന്നിവരുടെ ഒരു യോഗം ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ വിളിച്ചുകൂട്ടേണ്ടതും തിരഞ്ഞെടുപ്പ് പ്രക്രിയ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. ഈ യോഗതീയതി കമ്മീഷനെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.
6. വരണാധികാരികൾക്ക് സ്വന്തമായി ഓഫീസ് വാഹനമില്ലാത്ത പക്ഷം, ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ വാഹനം തിരഞ്ഞെടുപ്പ് ആവശ്യങ്ങൾക്ക് അത്യാവശ്യസന്ദർഭങ്ങളിൽ ലഭ്യമാക്കാൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കേണ്ടതാണ്.
7. 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളും 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളും പ്രകാരം മുനിസിപ്പാലിറ്റി വാർഡുകളിൽ മത്സരിക്കുന്നതിന് രണ്ടായിരം രൂപയും മുനിസിപ്പൽ കോർപ്പറേഷൻ വാർഡുകളിൽ മൂവായിരം രൂപയും ഗ്രാമപഞ്ചായത്ത് നിയോജക

മണ്ഡലങ്ങളിൽ ആയിരം രൂപയും ബ്ലോക്ക് പഞ്ചായത്തിൽ രണ്ടായിരം രൂപയും ജില്ലാ പഞ്ചായത്തിൽ മൂവായിരം രൂപയും ആണ് സ്ഥാനാർത്ഥികൾ നിക്ഷേപതുകയായി കെട്ടിവയ്ക്കേണ്ടത്. എന്നാൽ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട സ്ഥാനാർത്ഥികളുടെ സംഗതിയിൽ കെട്ടിവെയ്ക്കേണ്ട തുക അങ്ങനെയുള്ള നിയോജകമണ്ഡലത്തിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള തുകയുടെ അൻപത് ശതമാനം ആയിരിക്കുന്നതാണ്.

8. വരണാധികാരികൾ തിരഞ്ഞെടുപ്പിന് ശേഷം സ്ഥാനാർത്ഥികളുടെ നിക്ഷേപതുക തിരികെ നൽകുകയോ കണ്ടുകെട്ടുകയോ ചെയ്യുന്നതിന്, കമ്മീഷന്റെ 23/02/2022 ലെ ബി1/39/2021/സം.തി.ക നമ്പർ സർക്കുലർ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിലേയ്ക്ക് നാമനിർദ്ദേശപത്രികയോടൊപ്പം സ്ഥാനാർത്ഥികളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ കൂടി നിശ്ചിത ഫാറത്തിൽ (ഫാറം എൻ 42) രേഖപ്പെടുത്തി വാങ്ങേണ്ടതാണ്.
9. സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് ചെലവിന്റെ പരിധി മുനിസിപ്പാലിറ്റി വാർഡുകളിൽ 75000/- രൂപയും മുനിസിപ്പൽ കോർപ്പറേഷൻ വാർഡുകളിൽ 1,50,000/- രൂപയും ഗ്രാമപഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ 25,000/- രൂപയും, ബ്ലോക്ക് പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ 75,000/- രൂപയും, ജില്ലാപഞ്ചായത്ത് നിയോജക മണ്ഡലങ്ങളിൽ 1,50,000/- രൂപയുമാണെന്ന വിവരത്തിന് വേണ്ടത്ര പ്രചാരണം നൽകേണ്ടതാണ്.
10. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 86-ാം വകുപ്പും/1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 142-ാം വകുപ്പും അനുസരിച്ച് തിരഞ്ഞെടുപ്പ് ചെലവുകണക്ക് സമർപ്പിച്ചിട്ടില്ലാത്ത സ്ഥാനാർത്ഥികളുടെ വിവരവും, 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ 59-ാം ചട്ടം / കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ 59-ാം ചട്ടം അനുസരിച്ച്, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ (യഥാക്രമം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും, ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും ജില്ലാ കളക്ടറും) റിപ്പോർട്ടും, യഥാസമയം തന്നെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ലഭ്യമാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

എ.സന്തോഷ്
സെക്രട്ടറി

പകർപ്പ് :

1. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ആമുഖകത്തു സഹിതം)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
4. കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം

5. ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ), കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ്

6. നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊച്ചി, കോഴിക്കോട്.

7. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ്.

8. ബന്ധപ്പെട്ട ഉപവരണാധികാരികൾക്കും പഞ്ചായത്ത്, നഗരസഭാ സെക്രട്ടറിമാർക്കും (ജില്ലാകളക്ടർ മുഖേന)

9. എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും (ബന്ധപ്പെട്ട സെക്ഷനുകൾ തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിലെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ പുരോഗതി മോണിറ്റർ ചെയ്യേണ്ടതാണ്)

10. സ്റ്റാന്റിംഗ് കൗൺസിൽ, സം.തി.ക

11. എ2, എ4. ബി5 സെക്ഷനുകൾ, സം.തി.ക (ഫണ്ട് അനുവദിക്കുന്നതിനും തിരഞ്ഞെടുപ്പ് സാമഗ്രികൾ വിതരണം ചെയ്യുന്നതിനും)

12. പബ്ലിക്ക് റിലേഷൻസ് ഓഫീസർ, സം.തി.ക (പത്രക്കുറിപ്പ് നൽകുന്നതിനായി)

13. കമ്മീഷണറുടെ പി.എസ്.

14. കമ്മീഷണറുടെ സി.എ/ സെക്രട്ടറിയുടെ സി.എ,

15. കംപ്യൂട്ടർ പ്രോഗ്രാമർ, സം.തി.ക

16. ഫയൽ /സ്റ്റോക്ക് ഫയൽ.

'ജനഹിതം' ,റ്റി.സി.27/6(2), വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം -695 033
ഫോൺ : 0471-2325048 (Administration), 2337884 (Election)
e-mail:cru.sec@kerala.gov.in, electionker@gmail.com
website:www.sec.kerala.gov.in

അനുബന്ധം

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

## ഉപതിരഞ്ഞെടുപ്പ് (21.07.2022)

### കാര്യപരിപാടി

| | |
|---|---|
| തിരഞ്ഞെടുപ്പ് കമ്മീഷന്റെ വിജ്ഞാപനവും വരണാധികാരി പുറപ്പെടുവിക്കുന്ന തിരഞ്ഞെടുപ്പ് നോട്ടീസ് പരസ്യപ്പെടുത്തലും | : 2022 ജൂൺ 25 (ശനി) |
| നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതി | : 2022 ജൂലൈ 2 (ശനി) |
| നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന | : 2022 ജൂലൈ 4 (തിങ്കൾ) |
| സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി | : 2022 ജൂലൈ. 6 (ബുധൻ) |
| ആവശ്യമുള്ളപക്ഷം വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയും സമയവും | : 2022 ജൂലൈ 21 (വ്യാഴം)<br>സമയം രാവിലെ 7 മുതൽ<br>വൈകുന്നേരം 6 മണി വരെ |
| വോട്ടെണ്ണൽ നടത്തുന്നതിനുള്ള തീയതി | : 2022 ജൂലൈ 22 (വെള്ളി)<br>രാവിലെ 10 മണി മുതൽ |
| തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനുള്ള അവസാന തീയതി | : 2022 ജൂലൈ 25 (തിങ്കൾ) |
| തിരഞ്ഞെടുപ്പ് ചെലവ് കണക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് സമർപ്പിക്കാനുള്ള അവസാന തീയതി | : 2022 ആഗസ്റ്റ് 20 (ശനി) |

എ.സന്തോഷ്
സെക്രട്ടറി